**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4351** **18-07-2022 - ൽ മറുപടിയ്ക്ക്**

**യുവജന സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര യുവജന സഹകരണ സംഘങ്ങളാണ് നിലവിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സർക്കാരിന്റെ ആദ്യഘട്ട 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 30 യുവജന സഹകരണ സംഘങ്ങളും, രണ്ടാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി 14 പട്ടികജാതി/പട്ടിക വർഗ്ഗ യുവ സഹകരണ സംഘങ്ങളും ഉൾപ്പെടെ 44 യുവസഹകരണ സംഘങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യുവജന സംഘങ്ങളുടെ പരിപോഷണത്തിനും വളർച്ചയ്ക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ആദ്യഘട്ടം രൂപീകരിച്ച 30 യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി വ്യത്യസ്ത സംരംഭങ്ങളെ സംബന്ധിച്ചും, സഹകരണ അക്കൗണ്ടിംഗ് രീതികളെ സംബന്ധിച്ചുമുള്ള പരിശീലനം നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ നിശ്ചിത ഇടവേളകളിൽ ടി സംഘങ്ങളുടെ അവലോകന യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. ടി സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ നോഡൽ ആഫീസർമാരെ നിയമിച്ച് പ്രവർത്തനം വിലയിരുത്തി വരുന്നു. ടി സംഘങ്ങളുടെ പ്രരംഭ പ്രവർത്തനത്തിനുള്ള മൂലധനം ഗവൺമെന്റ് ഓഹരിയായും സബ്സിഡിയായും അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി യുവജന സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി "മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം" എന്ന സഹകരണ വകുപ്പിന്റെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. സംഘങ്ങൾ പത്ത് ലക്ഷം രൂപ വീതം ഓഹരി അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംഘങ്ങളിലെ ഓരോന്നിലെയും **5** അംഗങ്ങൾക്ക് വീതം **2022** ജൂലൈ **29, 30** തീയതികളിൽ സഹകരണ സംഘങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ